# DIET PALAKKAD
## Reading material to Invigilators
## ഇൻവിജിലേറ്റർമാരുടെ പൊതുചുമതലകൾ(LSS&USS -2015)

### പരീക്ഷയ്ക്ക് മുമ്പ്...

- പരീക്ഷാ ദിവസം രാവിലെ 9.00 ന് തന്നെ പരീക്ഷാ സെന്ററിൽ ഹാജരാകൽ, പ്രത്യേക ഹാജർ പട്ടികയിൽ ഒപ്പ് വെയ്ക്കൽ.
- ചീഫ്,ഡെപ്യൂട്ടി ചീഫ് എന്നിവർ ചേർന്ന് വിളിച്ചു ചേർക്കുന്ന യോഗത്തിൽ പങ്കെടുക്കുകയും ,നിർദ്ദേശങ്ങൾ മനസ്സിലാക്കുകയും ചെയ്യൽ
- അവരവരുടെ ക്ലാസ്സിലേക്ക് വേണ്ട ഹാജർ പട്ടിക,Absentees Statement(ഉണ്ടെങ്കിൽ),ചോദ്യപ്പേപ്പർ,ഉത്തരപ്പേപ്പർ,ഇതരസാമഗ്രികൾ എന്നിവ കൈപ്പറ്റൽ.
- പരീക്ഷാ സെന്ററിലുള്ള പരീക്ഷാർത്ഥികളിൽ ആരും അടുത്ത ബന്ധുക്കളില്ല എന്ന ഡിക്ലറേഷൻ എഴുതി ചീഫ് സൂപ്രണ്ടിന് നൽകൽ.
- ഓരോ വിഭാഗം പരീക്ഷയ്ക്കു മുമ്പും ഇൻവിജിലേറ്റർമാർ ,അവർക്കായുള്ള "പ്രത്യേക നിർദ്ദേശങ്ങൾ" വായിച്ച് സ്വാംശീകരിക്കൽ
- ബി.ആർ.സി ട്രൈനർ,സി.ആർ.സി.കോർഡിനേറ്റർ എന്നിവരുടെ സേവനം ഫലപ്രദമായി പ്രയോജനപ്പെടുത്തൽ.

### പരീക്ഷ നടക്കുമ്പോൾ...

- പരീക്ഷാഹാളിൽ പരീക്ഷ തുടങ്ങുന്നതിന് 20 മിനുട്ട് മുമ്പ് ഹാജരാവൽ
- എല്ലാ വിഭാഗം ചോദ്യപ്പേപ്പർ പാക്കറ്റുകളും പരീക്ഷ തുടങ്ങുന്നതിന് 5 മിനുട്ട് മുമ്പ് കുട്ടികളുടെ സാന്നിധ്യത്തിൽ ,രണ്ട് കുട്ടികളുടെ ഒപ്പ് പാക്കറ്റിനു പുറത്ത് വാങ്ങി മാത്രമേ തുറക്കുന്നുള്ളൂ എന്നുറപ്പാക്കൽ.
- കൂൾ-ഓഫ് ടൈമിൽ ആരും തന്നെ പരീക്ഷയെഴുതുന്നില്ല എന്നുറപ്പാക്കൽ
- സമയക്രമം,നിഷ്പക്ഷത എന്നിവ പാലിക്കുന്നു എന്ന് ക്ലാസ്സുകളിൽ ഉറപ്പാക്കൽ .
- കുട്ടികളോട് **Child friendly** ആയ സമീപനം സ്വീകരിക്കൽ.
- ഉത്തരത്തിലേക്ക് നയിക്കുന്ന നിർദ്ദേശങ്ങൾ നൽകരുത്.എന്നാൽ താങ്കളുടെ ആവശ്യം വേണ്ട നിർദ്ദേശങ്ങളുടെ കുറവ് കൊണ്ട് കുട്ടിക്ക് പ്രയാസം നേരിടുകയുമരുത്.
- LSS ന്റെപ്രവർത്തനാധിഷ്ഠിത ചോദ്യങ്ങളടങ്ങിയ **പാർട്ട് എ 10.15 മുതൽ 12.15** വരെയാണ്, ആയത് പൂർത്തിയായാൽ ഉത്തരക്കടലാസുകൾ ശേഖരിക്കുക.
- **12.30 മുതൽ 1 മണി വരെ പാർട്ട് സി** വിഭാഗം പരീക്ഷാ പ്രവർത്തനങ്ങൾ നടക്കുന്നു.**പോർട്ട് ഫോളിയോ വിലയിരുത്തൽ പ്രക്രിയ,വിലയിരുത്തൽ സൂചകങ്ങൾ ,സ്കോർ രേഖപ്പെടുത്തേണ്ട ഫോമുകൾ,സ്കോർ രേഖപ്പെടുത്തേണ്ട രീതി തുടങ്ങിയവ ചോദ്യപ്പേപ്പറിനൊപ്പം പ്രത്യേകം നൽകുന്നതാണ്**.ഇൻവിജിലേറ്റർമാർ ഈ നിർദ്ദേശങ്ങൾ വായിച്ച് വ്യക്തത വരുത്തുകയും അവ പാലിച്ച് മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ ആരംഭിക്കുകയും സ്കോർ നൽകുകയും ചെയ്യണം.(അനുബന്ധം 1 കാണുക)

- **2 മണി മുതൽ 3.15 വരെ പാർട്ട് ബി** പരീക്ഷ നടക്കുന്ന സമയമാണ്.ഈ സമയത്ത് കുട്ടികളുടെ പോർട്ട് ഫോളിയോ പരിശോധിച്ച് അഭിമുഖത്തിനുള്ള കുറിപ്പുകൾ തയ്യാറാക്കുന്നു.
- **3.15 മുതൽ 4 മണി വരെ** തന്നിരിക്കുന്ന മൂല്യനിർണ്ണയ സൂചകങ്ങളുടെ അടിസ്ഥാനത്തിൽ **കുട്ടികളുമായി അഭിമുഖം** നടത്തി പോർട്ട് ഫോളിയോ വ്യക്തിഗതമായി വിലയിരുത്തി സ്കോർഷീറ്റിൽ രേഖപ്പെടുത്തുന്നു.(അനുബന്ധം 1 കാണുക)
- **USS പേപ്പർ** 1 ന് 9.45 ന് ഒന്നാം ബെൽ,(long bell) ,10 ന് രണ്ടാം ബെൽ,(2 strokes),10.15 മണിക്ക് മൂന്നാം ബെൽ (long bell),അത് പോലെ ഉച്ചക്ക് 12.45 ന് ഒന്നാം ബെൽ(Long bell) ,1 മണിക്ക് രണ്ടാം ബെൽ(2 strokes) ,1.15 ന് മൂന്നാം ബെൽ (long bell) ഇപ്രകാരം ബെല്ലടിക്കും.
- **USS പരീക്ഷയുടെ** പേപ്പർ 1 രാവിലെ 10.15 മുതൽ 12 മണി വരെയും പേപ്പർ 2 ഉച്ചക്ക് ശേഷം 1.15 മുതൽ 3 മണി വരെയുമാണ്.ഇതിൽ ആദ്യത്തെ 15 മിനുട്ട് കുട്ടികൾക്കുള്ള സമാശ്വാസ സമയമാണ്.ഈ സമയത്ത് ഉത്തരമെഴുതാൻ പാടുള്ളതല്ല. 10. മുതൽ 10.15 വരെയുള്ള സമയത്ത് ഹാൾടിക്കറ്റ് നോക്കി കുട്ടികളുടെ ഹാജർ മാർക്ക് ചെയ്യിപ്പിക്കുകയും OMR sheet പൂർണ്ണമായി കുട്ടികളെക്കൊണ്ട് പൂരിപ്പിക്കുകയും ചെയ്യേണ്ടതാണ് അത് പോലെ ഉച്ചക്ക് 1 മണി മുതൽ 1.15 വരെ മേൽ സൂചിപ്പിച്ച പ്രക്രിയ ചെയ്യേണ്ടതാണ്.**Cool off time ആരംഭിക്കുന്നതിന് മുമ്പ് ഈ പ്രക്രിയ പൂർത്തിയാക്കേണ്ടതാണ്.**
- ബഹുവികൽപമാതൃകയിലുള്ള (Multiple choice) ചോദ്യങ്ങളാണ് USS പരീക്ഷക്കുള്ളത്.**ഒന്നാം പേപ്പറിലെ 50 ചോദ്യങ്ങളിൽ ഏതെങ്കിലും 45 ചോദ്യങ്ങൾക്കും രണ്ടാം പേപ്പറിലെ 55 ചോദ്യങ്ങളിൽ ഏതെങ്കിലും 45 ചോദ്യങ്ങൾക്കും ഉത്തരമെഴുതിയാൽ മതിയാകും.ഓരോ പേപ്പറിനും 90 മിനുട്ടാണ് സമയം. പരമാവധി സ്കോറും 90 ആണ്.**
- ഒന്നാം പേപ്പറിൽ (ഭാഷ,ഗണിതം) മൂന്ന് പാർട്ടാണുള്ളത്.
  **<u>പാർട്ട് (എ)</u> (15 ചോദ്യങ്ങൾ)**
  ഒന്നാം ഭാഷ(ഭാഗം1)A.T(Mal/Tamil/Kannada/Arabic/Sanskrit/Urdu)
  **<u>പാർട്ട് (ബി)(15-ൽ 10 ചോദ്യങ്ങൾക്ക് ഉത്തരമെഴുതിയാൽ മതി)</u>**
  ഒന്നാം ഭാഷ(ഭാഗം2)B.T(Mal/Tamil/Kannada)
  **പാർട്ട് (സി)** -ഗണിതം **(20 ചോദ്യങ്ങൾ)**
- രണ്ടാം പേപ്പറിലും 3 പാർട്ടുണ്ട്
  **<u>പാർട്ട് (എ)</u>** -ഇംഗ്ലീഷ്-15 **ചോദ്യങ്ങൾ**
  **പാർട്ട്(ബി)-അടിസ്ഥാനശാസ്ത്രം-20-ൽ15 ചോദ്യങ്ങൾക്ക് ഉത്തരമെഴുതിയാൽ മതി.**
  **പാർട്ട്(സി)-സാമൂഹ്യശാസ്ത്രം-20-ൽ15 ചോദ്യങ്ങൾക്ക് ഉത്തരമെഴുതിയാൽ മതി.**

- **പേപ്പർ I ചോദ്യങ്ങളുടെ ക്രമനമ്പർ ഇപ്രകാരമാണ്.**
  **പാർട്ട്(എ)-ക്രമനമ്പർ 1 മുതൽ 15 വരെ**
  **പാർട്ട്(ബി)-ക്രമനമ്പർ 16 മുതൽ 30 വരെ**
  **പാർട്ട്(സി)-ക്രമനമ്പർ 31 മുതൽ 50 വരെ**
- **പേപ്പർ II ചോദ്യങ്ങളുടെ ക്രമനമ്പർ ഇപ്രകാരമാണ്.**
  **പാർട്ട്(എ)-English ക്രമനമ്പർ 1 മുതൽ 15 വരെ**
  **പാർട്ട്(ബി)-science ക്രമനമ്പർ 16 മുതൽ 35 വരെ**
  **പാർട്ട്(സി)- Social science ക്രമനമ്പർ 36 മുതൽ 55 വരെ**
- ഓരോ പേപ്പർ /പരീക്ഷ /വിഭാഗത്തിന് ശേഷവും ഉത്തരപ്പേപ്പർ ശേഖരിക്കൽ
- ബന്ധപ്പെട്ട രേഖകളിൽ ഒപ്പ്,മേൽവിലാസം എന്നിവ ഉറപ്പാക്കൽ.
- പരീക്ഷാവേളയിലുണ്ടാവുന്ന സംശയങ്ങൾ ചീഫ് / ഡെപ്യൂട്ടി ചീഫ് എന്നിവരുമായി ചർച്ച ചെയ്ത് പരിഹരിക്കൽ.

**പരീക്ഷക്ക് ശേഷം...**

## A) LSS വിഭാഗം

- പരീക്ഷ അവസാനിച്ചു കഴിഞ്ഞാൽ ഉത്തരക്കടലാസുകൾ/ഒ.എം.ആർ.ഷീറ്റുകൾ ആവശ്യമായരേഖപ്പെടുത്തലുകൾ(രജിനമ്പർ..............മുതൽ...................വരെ),ഒപ്പ് എന്നിവ ഉറപ്പാക്കി ഹാജർ,എണ്ണം എന്നിവ ടാലി ആക്കി അവ സീരിയലായി ക്രമീകരിച്ച് ചീഫ്,ഡെപ്യൂട്ടി ചീഫ് എന്നിവരെ ഏൽപ്പിക്കൽ.
- പരീക്ഷ അവസാനിച്ചു കഴിഞ്ഞാൽ ചീഫ് സൂപ്രണ്ടിനെ ഏൽപ്പിക്കേണ്ട ഡോക്യുമെന്റുകൾ-**(പ്രസക്തമായ സ്ഥലങ്ങളിൽ ഒപ്പിട്ട ശേഷം)**

  **1.LSS-Part A Question cum answer booklets**
  **2.LSS-Part B Answer sheets**
  **3.LSS-Part C Score sheets**
  **4.Absentees statement**

## B) USS വിഭാഗം

- പേപ്പർ 1 ( ഭാഷ ,ഗണിതം),പേപ്പർ 2 (ഇംഗ്ലീഷ്,ശാസ്ത്രം,സാമൂഹ്യശാസ്ത്രം) എന്നിവയുടെ OMR ഷീറ്റുകൾ ശ്രദ്ധയോടെ നിർദ്ദിഷ്ട ഭാഗത്ത് മുറിച്ച് Original copy ഇൻവിജിലേറ്റർമാർ collect ചെയ്യുകയും Candidates Copy പരീക്ഷാർത്ഥികൾക്ക് നൽകുകയും ചെയ്യുക. **OMR sheets രജി.നമ്പർ ക്രമത്തിൽ അടുക്കി ചീഫ് സൂപ്രണ്ട്/ഡെപ്യൂട്ടി ചീഫ് സൂപ്രണ്ടിനെ ഏൽപ്പിക്കുക)**
- പരീക്ഷ അവസാനിച്ചു കഴിഞ്ഞാൽ ചീഫ് സൂപ്രണ്ടിനെ ഏൽപ്പിക്കേണ്ട ഡോക്യുമെന്റുകൾ-**(പ്രസക്തമായ സ്ഥലങ്ങളിൽ ഒപ്പിട്ട ശേഷം)**

  **1.USS-Paper I (Language &Mathematics)-OMR original copies**
  **2.USS-Paper II(English,Science&Social science)-OMR original copies**
  **3.Absentees Statement**